**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5564** **24-03-2025 - ൽ മറുപടിയ്ക്ക്**

**വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തികൾ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപ്രതിയിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്ക് 90 ശതമാനവും, ബ്ലോക്ക് വർക്ക് 88 ശതമാനവും, പ്ലാസ്റ്ററിംഗ് 73 ശതമാനവും, പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ നിർമ്മാണം 48.14 ശതമാനം പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയുടെ സിവിൽ ജോലികളുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോ; എങ്കിൽ എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | ടി ആശുപത്രിയിലെ സിവിൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നിലവിൽ ഉണ്ട്. സിവിൽ കരാറുകാരന് കരാർ കാലാവധി നീട്ടി നൽകുന്നത് സംബന്ധിച്ച് കോടതി വ്യവഹാരം നിലനിൽക്കുന്നത് കാരണമാണ് പദ്ധതി പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ കഴിയാത്തത്. |
| (സി) | ആശുപത്രി നിർമ്മാണവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും പ്രവൃത്തികളുടെ കരാറുകൾ ഇനിയും നടപ്പിലാക്കാതെ ഉണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ; | (സി) | ഉണ്ട്. MGPS, HVAC എന്നീ പ്രവൃത്തികൾ യഥാക്രമം ടെൻഡർ ചെയ്യേണ്ടതും റീടെൻഡർ ചെയ്യേണ്ടതുമുണ്ട്. സിവിൽ പ്രവൃത്തിയുടെ പുരോഗതിക്കനുസരിച്ച് മാത്രമേ ടി പ്രവൃത്തികൾ നടപ്പാക്കുന്നതിന് കരാറിൽ ഏർപ്പെടാനാകൂ. |
| (ഡി) | പ്രസ്തുത ആശുപത്രി നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിലെ കരാർ സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി പൂർത്തീകരിക്കുന്ന തീയതി സംബന്ധിച്ച വ്യക്തത ഉണ്ടാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ